പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 600

10.6.2014 ൽ
മറുപടിയ്ക്ക്

ഐ.ടി. വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് ;<br>ഡോ. എൻ. ജയരാജ് ;<br>ശ്രീ. റോഷി അഗസ്റ്റിൻ ;<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) ഐ.ടി. വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | എ) **ടെക്നോപാർക്ക്**<br><br>160 കോടി രൂപ മുതൽ മുടക്കി ഒന്നാം ഘട്ടത്തിൽ, ഒരു ഐ.ടി. മന്ദിരം നിർ മ്മിക്കുന്നതിന് പദ്ധതിയുണ്ട്. രണ്ടാം ഘട്ടത്തിൽ, 20000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു സ്മാർട്ട് ബിസിനസ്സ് സെന്റർ, എൻ.എച്ച്, ബൈപാസിലേയ്ക്കുള്ള അപ്രോച്ച് റോഡ്, മൂന്നാം ഘട്ടത്തിലെ കാംപസ് വികസനം എന്നിവയും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ടെക്നോപാർക്കിന്റെ ഭൂമി വികസനം, അവിടെ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, SBCരണ്ട് മൂന്ന് നിലകൾ എന്നിവയുടെ നിർ മ്മാണം തുടങ്ങിയവ ഉദ്ദേശിക്കുന്നു. ടെക്നോസിറ്റി പ്രദേശത്തെ അടിസ്ഥാന സൗകര്യവികസനവും നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ NASSCOM Incubation Centre 6000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മന്ദിരം പൂർത്തിയാക്കുന്നതോടെ 60 ഐ.ടി. പ്രൊഫഷണലുകൾക്ക് പ്രത്യക്ഷമായും 240 പേർക്ക് പരോക്ഷമായും ജോലി ലഭിക്കും.<br><br>**ഇൻ ഫോപാർക്ക് , കൊച്ചി ഒന്നാം ഘട്ടം**<br><br>ഒന്നാം ഘട്ടത്തിൽ 2015 ഓടെ TCS 13 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതും അതു വഴി 13000 തൊഴിലവസരങ്ങളും L&T, Brigade, Geon Air കമ്പനികൾ 22 ലക്ഷം ചതുരശ്ര അടിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുമ്പോൾ 7000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.<br><br>**തൃശ്ശൂർ**<br><br>3.3 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ബഹുനില ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം 2015 മാർച്ച് മാസം അവസാനത്തോടെ പൂർത്തിയാകുമ്പോൾ |

3000 ഐ.ടി. വിദഗ്ധർക്ക് ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ചേർത്തല</u>

ഇവിടെ 600 പേർക്ക് ജോലി നൽകുവാൻ സാധിക്കുന്ന തരത്തിൽ 50000 ചതുരശ്രയടി ഓഫീസ് ഏരിയ Plug and Play സംവിധാനത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

<u>കെ.എസ്.ഐ.ടി.ഐ.എൽ</u>

**സൈബർപാർക്ക് കോഴിക്കോട്**

3.3 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു ഐ.ടി. കെട്ടിടം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

**കണ്ണൂർ ഐ.ടി. പാർക്ക്**

ചുറ്റുമതിലിന്റെ പണി പൂർത്തിയായി വരുന്നു. 50000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു ഐ.ടി. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നു.

**കാസർഗോഡ് ഐ.ടി. പാർക്ക്**

ചുറ്റുമതിലിന്റെ പണി പൂർത്തിയായി വരുന്നു. 50000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു ഐ.ടി. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നു.

**ഐ.ഐ.ഐ.ടി. കേരള-പാല**

ഐ.ഐ.ഐ.ടി. കേരള പാലയുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു. ഇവിടെ കാമ്പസിന്റെ പണി 2014-15 ഓടെ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. കോട്ടയം ജില്ലയിൽ പാലായിൽ ഇൻഫോസിറ്റി എന്ന പേരിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു

| | | | |
|---|---|---|---|
| ബി) | ടെക്നോലോഡ്ജ് പദ്ധതി സംസ്ഥാനത്ത് കൂടുതൽ കേന്ദ്രങ്ങളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ; | ബി) | പിറവത്ത് ഒരു ടെക്നോലോഡ്ജ് വിജയകരമായി പ്രവർത്തിച്ചുവരുന്നു. കടയ്ക്കൽ, വെളിയം, മയ്യിൽ, കുണ്ടറ തുടങ്ങിയ സ്ഥലങ്ങളിലുള്ള അപര്യാപ്തത കാരണം ടെക്നോലോഡ്ജുകൾ പ്രാവർത്തികമാക്കിയിട്ടില്ല. എന്നാൽ കണ്ണൂരിൽ ഒരു പുതിയ ടെക്നോലോഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| സി) | നിലവിൽ ഐ.ടി. വികസനത്തിനായി എത്ര ഭൂമി ഇതിനോടകം ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ ; | സി) | ടെക്നോപാർക്കിന്റെ വിവിധ ഐ.ടി. വികസനപദ്ധതികളായ ടെക്നോപാർക്ക് ഒന്നാംഘട്ടത്തിന് 153.54 ഏക്കറും, രണ്ടാംഘട്ടത്തിന് 86 ഏക്കറും, മൂന്നാംഘട്ടത്തിന് 92 ഏക്കറും ടെക്നോസിറ്റിക്ക് 423.51 ഏക്കറും ; കണ്ണൂർ ഐ.ടി. പാർക്കിന് 30 ഏക്കറും, കാസർഗോഡ് ഐ.ടി. |

| | | | |
|---|---|---|---|
| | | | പാർക്കിന് 100 ഏക്കറും കൊരട്ടി ഇൻഫോപാർക്കിന് 30 ഏക്കറും, ചേർത്തല ഇൻഫോപാർക്കിന് 66.2 ഏക്കറും, കൊല്ലം ടെക്നോപാർക്കിന് 43.5 ഏക്കറും, കോഴിക്കോട് സൈബർപാർക്കിന് 41.89 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.<br><br>കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നാം ഘട്ടത്തിന് 100 ഏക്കർ ഭൂമിയും രണ്ടാം ഘട്ടത്തിനായി 125 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. |
| ഡി) | നടപ്പു സാമ്പത്തിക വർഷം ഐ.ടി. മേഖലയിൽ എത്ര തുകയുടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ? | ഡി) | നടപ്പു സാമ്പത്തിക വർഷം ടെക്നോപാർക്കിന് 68.45 കോടി രൂപയും, ഇൻഫോപാർക്കിന് 55 കോടി രൂപയും സൈബർപാർക്കിന് 11 കോടി രൂപയും കെ.എസ്.ഐ.ടി.ഐ.എൽ. ന് 26 കോടി രൂപയും നോളഡ്ജ് സിറ്റിക്ക് ഒരു ലക്ഷം രൂപയും ടെക്നോളജി ഇന്നൊവേഷൻ സോണിന് 25 കോടി രൂപയും യുവ സംരംഭകത്വത്തിന് 17.95 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ